കർശനമായി പാലിക്കുന്നതിനും എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിലേയ്ക്ക് പരിശോധനാ സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

(ബി) നിശ്ചിത സമയപരിധിക്കുള്ളിൽ ഒരു സേവനം ലഭിക്കുന്നതിന് അർഹതയുള്ളയാളിന്റെ അപേക്ഷയിന്മേൽ നിശ്ചിത സമയപരിധിക്കകം തീരുമാനം ഉണ്ടാകാത്ത പക്ഷം അപേക്ഷകന് അതത് ഓഫീസുകളിൽ അപ്പീൽ സമർപ്പിക്കുന്നതിനും കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് പിഴ ഈടാക്കുന്നതടക്കമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും കേരള സംസ്ഥാന സേവനാവകാശ നിയമം 2012-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) സേവനാവകാശ നിയമവും ചട്ടങ്ങളും കർശനമായി പാലിക്കുന്നതിനും എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിലേയ്ക്ക് പരിശോധനാ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ വർക്ക് സ്റ്റഡി ടീമുകൾ വിവിധ സർക്കാർ ഓഫീസുകളിൽ പ്രവൃത്തി പഠനം/ഇൻസ്പെക്ഷൻ നടത്തുമ്പോൾ ഓഫീസുകളുടെ പൊതുവായ പ്രവർത്തന രീതിയും കാര്യക്ഷമതയും സംബന്ധിച്ച വസ്തുതകൾ പരിശോധിക്കാറുണ്ട്. പ്രവൃത്തി പഠനം/ഇൻസ്പെക്ഷൻ സംബന്ധിച്ച റിപ്പോർട്ടുകളിൽ ഓഫീസുകളുടെ പ്രവർത്തന രീതിയും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ ഉൾപ്പെടുത്താറുണ്ട്. ഇതുസംബന്ധിച്ച് 20-10-2015-ൽ 11912/എ.ആർ6(1)/15/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം പുതുക്കിയ വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മുന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷൻ

11 (1743) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മുന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചത് എന്നാണ്; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത കോർപ്പറേഷൻ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ;

(സി) കോർപ്പറേഷൻ മുഖേന നടപ്പാക്കിയ വിവിധ പദ്ധതികൾക്കായി നൽകിയ തുകയുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുന്നോക്ക ജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി സ്കോളർഷിപ്പുകൾ നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് എത്ര തുക ചെലവാക്കിയിട്ടുണ്ട് എന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ റീജീയണൽ, ജില്ലാ ഓഫീസുകൾ എവിടെയൊക്കെയാണ്; വിവിധ പദ്ധതികൾക്കായി അപേക്ഷ നൽകേണ്ടവർക്ക് അപേക്ഷാ ഫാറങ്ങളും മറ്റ് വിശദാംശങ്ങളും എവിടെ നിന്നാണ് ലഭിക്കുന്നതെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ 8-11-2012-ലാണ് പ്രവർത്തനം ആരംഭിച്ചത്. കേരള സംസ്ഥാനത്തിലെ സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുകയെന്നതാണ് ലക്ഷ്യം.

(ബി) കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന വിദ്യാഭ്യാസസമുന്നതി, സംരംഭ സമുന്നതി, നൈപുണ്യ സമുന്നതി എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I ആയി *ചേർത്തിട്ടുണ്ട്.

(സി) കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ ഗുണഭോക്താക്കളുടെ ജില്ലതിരിച്ചുള്ള വിവരം പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. സംസ്ഥാനതലത്തിൽ ചെലവാക്കിയ തുകയും ഗുണഭോക്താക്കളുടെ എണ്ണവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി * ചേർത്തിട്ടുണ്ട്.

(ഡി) ഉണ്ട്. വിദ്യാഭ്യാസസമുന്നതി പദ്ധതിയുടെ കീഴിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര സമുദായങ്ങളിലെ വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് ബിരുദം, ബിരുദാനന്തര ബിരുദതലം, CA/ICWA/CS തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കും, IIT/IIM/NIT തുടങ്ങിയ ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിൽ അധ്യയനം നടത്തുന്നവർക്കും സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.

(ഇ) സ്കോളർഷിപ്പ് പദ്ധതി പ്രകാരം വിദ്യാർത്ഥികളുടെ ഉപരി പഠനത്തിനായി 2013-14 സാമ്പത്തികവർഷം 3 കോടി രൂപയും 2014-15 സാമ്പത്തികവർഷം 998.627 ലക്ഷം രൂപയും ചെലവഴിച്ചു. വിശദാംശങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II-ൽ* ഉൽപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന മുന്നോക്ക ക്ഷേമ കോർപ്പറേഷന് ജില്ലാതലത്തിലോ റീജിയണൽതലത്തിലോ ഓഫീസുകൾ ആരംഭിച്ചിട്ടില്ല. അപേക്ഷാഫാറങ്ങളും വിശദമായ വിവരങ്ങളും കോർപ്പറേഷന്റെ www.kswcfc.org. എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

വിവരാവകാശ നിയമത്തിൽനിന്നും വിജിലൻസ് വകുപ്പിനെ ഒഴിവാക്കൽ

12 (1744) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിജിലൻസ് വകുപ്പിനെ വിവരാവകാശ നിയമത്തിൽ നിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(സി) ഇത് പാർലമെന്റ് പാസ്സാക്കിയ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 8 ക്ലോസ്(1)-ന് വിപരീതമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വിജിലൻസ് വകുപ്പിനെ അപ്പാടെ വിവരാവകാശ നിയമത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. എന്നാൽ സംസ്ഥാന വിജിലൻസ് വകുപ്പിന്റെ ("T") ബ്രാഞ്ചിനെ 27-1-2016-ലെ ജി.ഒ. (പി) നമ്പർ 7/2016/ പൊഭവ. നമ്പർ ഉത്തരവ് പ്രകാരം വിവരാവകാശ നിയമം 2005-ന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ എസ്.ആർ.ഒ. നമ്പർ നിലവിൽ വന്നിട്ടില്ല.

(ബി) അതീവ രഹസ്യ സ്വഭാവമുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന വകുപ്പാണ് വിജിലൻസിന്റെ ' Top Secret' ബ്രാഞ്ച് ("T" ബ്രാഞ്ച്). വിവരാവകാശ നിയമം 2005-ന്റെ പരിധിയിൽ വരുന്നതാകയാൽ അന്വേഷണങ്ങളെയും കേസുകളുടെ രഹസ്യ സ്വഭാവത്തെയും ഇത് ദോഷകരമായി ബാധിക്കും എന്നതുകൊണ്ട് "T" ബ്രാഞ്ചിനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്നുള്ള ആഭ്യന്തര (വിജിലൻസ്) വകുപ്പിന്റെ ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് "T" ബ്രാഞ്ചിനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly